കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാരാകുറിശ്ശി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

e-mail: auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി12/23 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി: 06-01-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കാരാകുറിശ്ശി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാരാകുറിശ്ശി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ്

(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി12/23/2017 തിയ്യതി: –06-01-2017

## പാലക്കാട് ജില്ലയിലെ കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പാലക്കാട് ജില്ലയിലെ കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11-6-2016 മുതൽ 17-11-2016 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9-11-2016 മുതൽ 18-11-2016 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.എം.എസ്.താരിഖ് | ഓഡിറ്റർ |
| ശ്രീമതി.സി.രാജേശ്വരി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഫാത്തിമ.ടി.കെ | 1-4-2015 മുതൽ 31-10-2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1-11-2015 മുതൽ 11-11-2015 വരെ |
| | അഡ്വ.മജീദ്.കെ | 12-11-2015 മുതൽ 31-3-2016 വരെ |
| സെക്രട്ടറി | ശ്രീ.എം.സി.കുഞ്ഞുമുഹമ്മദ് കുട്ടി<br><br>സെക്രട്ടറി-ഇൻ-ചാർജ്ജ് | 1-4-2015 മുതൽ 22-7-2015 വരെ |
| | ശ്രീ.വി.ജയദേവൻ | 23-7-2015 മുതൽ 31-3-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ആർ.മോഹനരാജൻ | 1-4-2015 മുതൽ 31-3-2016 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.എം.രഞ്ജിത്ത് മോഹൻ | 1-4-2015 മുതൽ 6-1-2016 വരെ |
| | ഡോ.പി.പി.ജയകുമാർ | 7-1-2016 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ | ശ്രീ.യാസർ അറാഫത്ത് | 1-4-2015 മുതൽ 31-3-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.എം.എസ്.ഖദീജ | 1-4-2015 മുതൽ 31-3-2016 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ആർ.സജ്‌ന | 1-4-2015 മുതൽ 19-5-2015 വരെ |
| | ശ്രീ.അബ്ദുൾ അസീസ്.കെ | 20-5-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ഹണി റോസ് തോമസ് | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.കെ.ശോഭ | 1-4-2015 മുതൽ 31-3-2016 വരെ |
| എച്ച്.എം | ശ്രീ.എ.കെ.ശിവദാസൻ | 1-4-2015 മുതൽ 31-3-2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | എം.സി.കുഞ്ഞുമുഹമ്മദ് കുട്ടി | 1-4-2015 മുതൽ 31-3-2016 വരെ |

## ഉള്ളടക്കം

## ഭാഗം 1

## ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമ പദ്ധതികൾ | 1(8) |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രിക | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണയം നടത്തിയിട്ടില്ല- ഗ്രാമപഞ്ചായത്തിന് റവന്യൂ നഷ്ടം | 2(1) |
| 2 | തൊഴിൽനികുതി രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ | 2(2) |
| 3 | ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് നൽകിയിട്ടില്ല | 2(3) |
| 4 | ഡി&ഒ ലൈസൻസ് പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ | 2(4) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | മീഡിയാശ്രീ പദ്ധതിക്ക് നൽകിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 3(1) |
| 2 | സാധനങ്ങൾ വാങ്ങുമ്പോൾ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 3(2) |
| 3 | കമ്പ്യൂട്ടറുകളുടെ ഉപയോഗം നിയമാനുസൃതമായിരിക്കേണ്ടതാണ് | 3(3) |
| 4 | വിവിധ ഏജൻസികളിൽ നിർവ്വഹിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല | 3(4) |
| 5 | ഫ്രണ്ട് ഓഫീസിലേക്കുള്ള ടെലിവിഷൻ പ്രയോജനപ്പെടുത്തണം | 3(5) |
| 6 | ആവർത്തന ചെലവുകൾ കുറയ്ക്കുന്നതിനുള്ള ഗ്രാമപഞ്ചായത്തിന്റെ ശ്രമം അഭിനന്ദനാർഹം | 3(6) |
| 7 | ഐ.ഏ.വൈ വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3(7) |
| 8 | കുടുംബശ്രീ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള വികസന ഫണ്ട് തിരിച്ചടക്കേണ്ടതാണ് | 3(8) |
| 9 | എസ്.എസ്.എ ഫണ്ട് വിനിയോഗത്തിൽ മാർഗ്ഗരേഖ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം | 3(9) |
| 10 | ഹോമിയോ മരുന്നുകൾ മറ്റൊരു സ്ഥാപനത്തിന്റെ ആവശ്യത്തിനായി കൈമാറിയത് ക്രമപ്രകാരമല്ല | 3(10) |
| 11 | പാലയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ അവലോകനം | 3(11) |
| 12 | വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ പൂർത്തീകരണം ഉറപ്പാക്കണം | 3(12) |
| 13 | അങ്കണവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3(13) |
| 14 | മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത ഉറപ്പുവരുത്തേണ്ടതാണ് | 3(14) |
| 15 | ഗുണഭോക്തൃ സമിതികകൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കണം | 3(15) |
| 16 | പി.എച്ച്.സിയിൽ മെഡിക്കൽ സ്റ്റോർ റൂം നിർമ്മാണം-പാർട്ട് ബിൽ തയ്യാറാക്കിയതിൽ അപാകത | 3(16) |

| | | |
|---|---|---|
| 17 | കൊപ്ര ഡ്രയർ യൂണിറ്റിന്റെ പൂർണ്ണസംരക്ഷണം ഉറപ്പുവരുത്തണം | 3(17) |
| 18 | പഞ്ചായത്ത് അനക്സ് കെട്ടിടം പുനരുദ്ധാരണം, സ്ട്രോംഗ് റൂം നിർമ്മാണം-അപാകതകൾ | 3(18) |
| 19 | തൊഴുത്ത് നിർമ്മാണത്തിന് അർഹതയില്ലാത്ത ഗുണഭോക്താവിന് സബ്സിഡി അനുവദിച്ചു | 3(19) |
| 20 | തെരുവുനായ്ക്കളുടെ വന്ധ്യംകരണത്തിനുള്ള എ.ബി.സി പ്രോഗ്രാമിനുള്ള പഞ്ചായത്ത് വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3(20) |
| 21 | ആശ്രയ പദ്ധതി - അവലോകനം | 3(21) |

## ഭാഗം-IV

## ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 27-3-2015 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 105708000രൂപയും ചെലവ് 127129800 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 23-8-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2015-16 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|
| മുന്നിരിപ്പ് | 26877594 |
| വരവ് | 45271776 |
| ആകെ | 72149370 |
| ചെലവ് | 58465771 |
| നീക്കിയിരിപ്പ് | 13683599 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | മറ്റ് ഫണ്ടുകളിൽ നിന്നും പിൻവലിച്ച് നിക്ഷേപിച്ചത് | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 1825157 | 6612102 | 2652317 | 11089576 | 9261479 | 1828097 | 0 |
| വികസന ഫണ്ട് എസ്.സി.പി | 3370781 | | 4756515 | 8127296 | 7878201 | 249095 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 2499693 | | 8974619 | 11474312 | 11474312 | - | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 962575 | | 1450433 | 2413008 | 2413008 | - | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2597996 | | 6203189 | 8801185 | 4866850 | 3934335 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2628420 | | 1236643 | 3865063 | 1436391 | 2428672 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 77658 | | 14987603 | 15065261 | 15055137 | 0 | 10124 |
| ബി ഫണ്ട് (നേരിട്ട് ചെലവഴിച്ചത് ഉൾപ്പെടെ) | 0 | | 28672560 | 28672560 | 28672560 | - | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് % |
|---|---|---|---|---|---|---|---|
| 2015-16 | 214 | 59506159 | 181 | 42990443 | - | 33 | 72 |

2015-16 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 85% പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 72% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3 | 2397500 | 2130200 | 89 |
| വെറ്ററിനറി സർജ്ജൻ | 3 | 2 | 1660000 | 195000 | 12 |
| വി.ഇ.ഒ | 13 | 11 | 13738000 | 8012600 | 58 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 5 | 3611475 | 2913229 | 81 |
| സെക്രട്ടറി | 32 | 25 | 6293380 | 5132878 | 82 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 141 | 124 | 26337791 | 19409526 | 74 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 3 | 1150000 | 727174 | 63 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 300000 | 300000 | 100 |
| അസി.സെക്രട്ടറി | 5 | 3 | 3384100 | 2534920 | 75 |
| എച്ച്.എം | 3 | 2 | 633913 | 619916 | 98 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 3158585 | 2139697 | (-)1018888 | -(32) |
| നികുതിയേതര വരവുകൾ | 444182 | 445306 | 1124 | +(.25) |
| ആകെ | 3602767 | 2585003 | -1017764 | -(28) |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 14 | 14 | 5 | |
| 2 | തൊഴിൽ രഹിത വേതനം | 22 | 22 | 8 | |
| 3 | വിധവാ പെൻഷൻ | 93 | 93 | 2 | |
| 4 | വികലാംഗ പെൻഷൻ | 17 | 17 | - | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 9 | 9 | - | |
| 6 | വാർദ്ധക്യകാല പെൻഷൻ | 445 | 445 | 49 | |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9-11-2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 971 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 17-10-2016, 18-10-2016 | 9/2016 | ലഭ്യമായിട്ടില്ല | - |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 2-4-2009 മുതൽ<br>18-4-2009 വരെ | 2004-05 മുതൽ 2008-09 വരെ | 16-5-2009 | - |

## 1-11 അനുബന്ധ പത്രിക

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണയം നടത്തിയിട്ടില്ല- ഗ്രാമപഞ്ചായത്തിന് റവന്യൂ നഷ്ടം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. കെട്ടിട നമ്പർ നൽകിയ ടവറുകളുടെ വസ്തുനികുതി നിർണയം നടത്തുകയോ ആയത് ഡിമാൻറിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിൻറെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും നിർദ്ദേശം പാലിക്കുന്നതിനുള്ള നടപടികൾ ഒന്നും തന്നെ

ഗ്രാമപഞ്ചായത്ത് അധികൃതർ സ്വീകരിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങൾ പ്രകാരം ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. ഇതു പ്രകാരം മൊബൈൽ ടെലിഫോൺ ടവറിന് ചതുരശ്രമീറ്ററിന് 400 മുതൽ 500 രൂപ വരെ വസ്തു നികുതി ചുമത്താവുന്നതാണ്.

സ.ഉ(എം.എസ്)നം.150/14/ ത.സ്വ.ഭ.വ തിയതി 21-8-2014 പ്രകാരം നിലവിൽ വന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ടെലി കമ്മ്യൂണിക്കേഷൻ ടവറുകൾ ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് 25000 രൂപയാണ്.

മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് അനധികൃത ടവറുകൾ ക്രമവൽക്കരിക്കുന്നതിനും, കെട്ടിട നമ്പർ നൽകിയവയുടെ വസ്തുനികുതി നിർണയം നടത്തി കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതി ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ ഉണ്ടാകുന്ന ഭീമമായ നഷ്ടം പരിഹരിക്കുന്നതിനായി ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-2 തൊഴിൽനികുതി രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ

## എ. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാൻറ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | അബി പെട്രോൾ പമ്പ് | I, II |
| 2 | അറഫ മാച്ച് യൂണിറ്റ് | I, II |
| 3 | നന്മ സ്റ്റോർ (പൊന്തിയാമ്പുറം, കാവുംപടി, പള്ളിക്കുറുപ്പ്, വാഴമ്പുറം, വലിയട്ട) | I, II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി ഡിമാൻറ് ചെയ്യാതിരുന്നതിന്റെ

കാരണം ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നികുതി അസ്സസ് ചെയ്ത് കുടിശ്ശികയായി ചേർത്തിട്ടുമില്ല. നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി. വിവിധ തൊഴിലുകളിൽ ഏർപ്പെട്ട ആളുകളുടെ തൊഴിൽനികുതി

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204(1)(ii)എ(i) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന ബിൽഡിംഗ് എഞ്ചിനിയർ/സൂപ്പർവൈസർ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ഈ വിഭാഗങ്ങളുടെ തൊഴിൽനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

# 2-3 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് നൽകിയിട്ടില്ല

2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളനുസരിച്ച് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഫാമുകൾക്ക് ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ 28 കോഴി ഫാമുകൾ ഉള്ളതിൽ 5 എണ്ണത്തിനു മാത്രമാണ് ചട്ടപ്രകാരമുള്ള ലൈസൻസ് നൽകിയിട്ടുള്ളത്. 23 എണ്ണത്തിന് ഡി & ഒ ലൈസൻസ് നൽകി ഒരു നിശ്ചിത ഫീസ് ഈടാക്കുകയാണ് ചെയ്തിട്ടുള്ളത്. 2015-16 സാമ്പത്തിക വർഷത്തിൽ മാത്രമായി 8 പൗൾട്രി ഫാമുകൾക്കു കൂടി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും മറ്റു സ്ഥാപനങ്ങൾക്ക് കൂടി ചട്ടപ്രകാരമുള്ള ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 2-4 ഡി&ഒ ലൈസൻസ് പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ

എ) അപേക്ഷയോടൊപ്പം ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ വാങ്ങി

സൂക്ഷിച്ചില്ല

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് നൽകിയപ്പോൾ അവശ്യം ഹാജരാക്കേണ്ട സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

| സ്ഥാപനം/ ഉടമസ്ഥൻ | ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രം | തുക/ രസീതി നം | ബാധകമായ ഉത്തരവ് |
|---|---|---|---|
| ഹോട്ടൽ മലപ്പുറം ഉടമസ്ഥൻ- മുഹമ്മദ് | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്ററി സർട്ടിഫിക്കറ്റ് | 100 1140110823/ 27.2.15 | തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10-1-2013 ലെ 66562/ആർ.സി3/2012/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ |
| പിസിഎച്ച് സ്റ്റോർസ് (ബേക്കറി) ഉടമസ്ഥൻ- അബ്ദുൾ സലാം | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്ററി സർട്ടിഫിക്കറ്റ് | 200 11401109106/ 21-3-15 | തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10-1-2013 ലെ 66562/ആർ.സി3 /2012/ത.സ്വ.ഭ.വ നമ്പർ സർക്കുലർ |
| 8 കോഴി ഫാമുകൾ | മലിനീകരണ നിയന്ത്രണ ബോർഡിന്റെ | - | കേ.പ.രാജ് (ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ |

ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ ഉറപ്പാക്കിയതിനു ശേഷം മാത്രം ലൈസൻസ് അനുവദിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ബി) നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കാതെ പെട്രോൾ പമ്പിന് ഡി&ഓ ലൈസൻസ് അനുവദിച്ചു

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും അബി പെട്രോളിയം എന്ന സ്ഥാപനത്തിന് പെട്രോൾപമ്പ് നടത്തുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | ഉടമസ്ഥൻ | രശീതി നം./തീയതി |
|---|---|---|
| അബി പെട്രോളിയം | ശ്രീ.അക്ബർ.എസ്.ആർ | 11401107785/18-2-2015 ഫീസ് - 1000 |

പെട്രോളിയം & എക്സ്പ്ലോസീവ് ലൈസൻസ് ഡിസംബർ 2014 ന് കാലാവധി അവസാനിച്ചിട്ടുണ്ട്. ഫയർഫോഴ്സിൽ നിന്നുള്ള N.O.C, കൈവശാവകാശ രേഖ, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം മുതലായവയും ഹാജരാക്കിയില്ല.

ഡി&ഓ ലൈസൻസിനുള്ള അപേക്ഷയിൽ ഒരു ദിവസത്തെ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടുള്ളത് 100 രൂപ എന്നാണ്. ആയതിന്റെ കൃത്യത പരിശോധിച്ച് ലൈസൻസ് തുക ക്രമീകരിക്കേണ്ടതാണ്.

മറ്റു വകുപ്പുകളിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കാതെ പെട്രോൾ പമ്പുകൾക്ക് ഡി&ഓ ലൈസൻസ് അനുവദിക്കുന്നത് ഒഴിവാക്കണം.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മീഡിയാശ്രീ പദ്ധതിക്ക് നൽകിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രൊ. നം-17/16-മീഡിയാശ്രീ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 65000 (തനത് ഫണ്ട്)

വൗ.നം. 21500264/31-7-2015

സ.ഉ(സാധാ)നം. 3206/2014/ത.സ്വ.ഭ.വ തിയതി 5-12-2014 പ്രകാരം കുടുംബശ്രീ മീഡീയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാന പദ്ധതികളുടെ നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനായി 2014-15 വർഷത്തിൽ തനതുഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ 65000 ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സ.ഉ(സാധാ)നം. 462/2015 തിയതി 16-2-2015 പ്രകാരം സൗത്ത് എഷ്യൻ കോളേജ് എന്ന സ്ഥാപനം മുഖേന ഡോക്യുമെന്ററി നിർമ്മിക്കുവാൻ മുൻകൂറായി 30% തുക കുടുംബശ്രീക്ക് നൽകുന്നതിനും ജില്ലാതലത്തിൽ ഡി.ഡി.പി അധ്യക്ഷനായും ഡി.എം.സി അംഗവുമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

2014-15 വർഷത്തിൽ തുക അനുവദിക്കുവാനാണ് സർക്കാർ അനുമതിയെങ്കിലും തുക അനുവദിച്ചിട്ടുള്ളത് 2015-16 വർഷത്തിലാണ്.

65000 രൂപ തനതുഫണ്ടിൽ നിന്നും പിൻവലിച്ച് എക്സി.ഡയറക്ടർ, കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ പേരിൽ ഡി.ഡി എടുത്ത് അയച്ചു കൊടുത്തിട്ടുണ്ട്.

(3-08-2015 ലെ ഡി.ഡി നം.989343).
ചിത്രീകരണം നടന്നിട്ടുണ്ടെങ്കിലും നാളിതുവരെ സി.ഡി ലഭ്യമായിട്ടില്ലെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ആയതിനാൽ സി.ഡി ലഭ്യമാകുന്നതുവരെ 65000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

# 3-2 സാധനങ്ങൾ വാങ്ങുമ്പോൾ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

2015-16 വർഷത്തിൽ താഴെ പറയുന്ന രണ്ട് പ്രൊജക്ടുകൾ പ്രകാരം ടെണ്ടർ ക്ഷണിച്ച് വിവിധ സാമഗ്രികൾ വാങ്ങിയിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

1. 26/16-ഗ്രാമസേവാ കേന്ദ്രങ്ങൾക്ക് ഫർണീച്ചർ

അടങ്കൽ - 150000 രൂപ

ചെലവ് - 149938 രൂപ

ബിൽ നം. 39/30-3-2016

മേശ, കസേര, അലമാര എന്നിവ വാങ്ങി 15 ഗ്രാമസേവാ കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്.

2. 230/16-പഞ്ചായത്ത് ഓഫീസിലേക്ക് മൂന്ന് കമ്പ്യൂട്ടറുകൾ വാങ്ങൽ

അടങ്കൽ - 120000 രൂപ

ചെലവ് - 112550 രൂപ

ബിൽ നം. 34/19-3-2016

ഒരു മലയാളം ദിനപത്രത്തിൽ 23-2-2016 ന് ടെണ്ടർ പരസ്യം നൽകിയതനുസരിച്ച് ടെണ്ടറുകൾ ലഭ്യമായിട്ടുണ്ട്. ടെണ്ടർ പരസ്യത്തിൽ ടെണ്ടർ ലഭ്യമാക്കേണ്ട അവസാന തിയതിയായി രേഖപ്പെടുത്തിയിരുന്നത് 29-2-2016 ആണ്. ടെണ്ടർ നടപടികളിൽ ഉണ്ടായിട്ടുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1. GO (P) 259/2010/LSGD dated 8.11.2010 പ്രകാരം ഒരു ലക്ഷത്തിൽ മുകളിലുള്ള ടെണ്ടറുകൾക്ക് ഒരു ഇംഗ്ലീഷ്, മലയാളം ദിനപത്രങ്ങളിൽ പരസ്യം നൽകേണ്ടതാണ്.

ഒരു ദിനപത്രത്തിൽ മാത്രമാണ് പരസ്യം നൽകിയിട്ടുള്ളത്.

2. ടെണ്ടർ ഫോറത്തിന്റെ വില 200 രൂപ ഈടാക്കുന്നതിനു പകരം മരാമത്ത് പ്രവൃത്തികൾക്ക് ബാധകമായ നിരക്ക് കണക്കാക്കി 500 രൂപ ഈടാക്കിയിട്ടുണ്ട്. ആയത് ക്രമപ്രകാരമല്ല.

3. നിരദ്രവ്യം അടങ്കൽ തുകയുടെ 1% നിരക്ക് ഈടാക്കുന്നതിനു പകരം മരാമത്ത് പ്രവൃത്തികൾക്ക് ബാധകമായ 2.5% നിരക്ക് ഈടാക്കിയത് ക്രമപ്രകാരമല്ല.

4. ടെണ്ടർ പരസ്യ തിയതി മുതൽ 21 ദിവസം ടെണ്ടറുകൾ സമർപ്പിക്കുന്നതിന് സമയപരിധി അനുവദിക്കുന്നതിനു പകരം 7 ദിവസം മാത്രമാണ് സമയപരിധി അനുവദിച്ചത്. ആയതിനാൽ കുറഞ്ഞ എണ്ണം ടെണ്ടറുകൾ മാത്രമാണ് ലഭ്യമായത്. പരമാവധി സമയം അനുവദിച്ചിരുന്നുവെങ്കിൽ കൂടുതൽ ടെണ്ടറുകൾ ലഭ്യമാകുമായിരുന്നു എന്ന് നിരീക്ഷിക്കുന്നു.

5. സ.ഉ(ആർ.ടി)നം. 2487/2016/ത.സ്വ.ഭ.വ തിയതി 20-8-2016പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകൾക്കുള്ള പ്രൊക്യൂർമെന്റ് മാന്വൽ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തുടർന്നുള്ള എല്ലാ വാങ്ങലുകളും ഈ മാന്വൽ പ്രകാരം ആയിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

വാങ്ങലുകളിൽ അതാത് കാലങ്ങളിലെ നിബന്ധനകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 കമ്പ്യൂട്ടറുകളുടെ ഉപയോഗം നിയമാനുസൃതമാക്കേണ്ടതാണ്

2015-16 വർഷത്തിൽ ഓഫീസ് ഉപയോഗത്തിനായി 3 കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

230/16-മൂന്ന് കമ്പ്യൂട്ടറുകൾ വാങ്ങൽ

അടങ്കൽ - 120000 രൂപ

ചെലവ് - 112550 രൂപ

ബിൽ നം. 34/19-3-2016

രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. മൂന്ന് കമ്പ്യൂട്ടറുകളിൽ ഒന്നിൽ മാത്രമാണ് ലൈസൻസ് ഉള്ള വിൻഡോസ് 7 ഓപറേറ്റിംഗ് സിസ്റ്റം ഉള്ളത്. രണ്ടെണ്ണത്തിൽ ലൈസൻസ് ഇല്ലാത്ത വിൻഡോസ് XP ആണ് ഇൻസ്റ്റാൾ ചെയ്തിട്ടുള്ളത്.

2. സ.ഉ(സാധാ)നം.1838/2012/ത.സ്വ.ഭ.വ തിയതി 3-7-2012 പ്രകാരം കമ്പ്യൂട്ടറുകൾക്ക് ഐ.കെ.എം നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ ഉണ്ടായിരിക്കണം. ഐ.കെ.എം സ്പെസിഫിക്കേഷൻ അനുസരിച്ച് ലൈസൻസ് ഉള്ള വിൻഡോസ് XP/7 ഉള്ള കമ്പ്യൂട്ടറുകളാണ് വാങ്ങേണ്ടത്.

3. 5 വർഷം വാറണ്ടി ഉറപ്പാക്കി വേണം കമ്പ്യൂട്ടറുകൾ വാങ്ങേണ്ടത്. എന്നാൽ മൂന്ന് വർഷ വാറണ്ടി മാത്രമാണ് ഉറപ്പാക്കിയിട്ടുള്ളത്.

4. കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതാണെന്ന് സർക്കുലർ നം. 86/2010/ഫിൻ തിയതി 24-9-2010 പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ടെക്നിക്കൽ അസിസ്റ്റന്റിന്റെ കൈവശമുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

5. സർക്കുലർ നം. 86/2010/ഫിൻ തിയതി 24-9-2010 പ്രകാരം ലൈസൻസ് ഇല്ലാത്ത സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-4 വിവിധ ഏജൻസികളിൽ നിർവ്വഹിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് എന്നീ ഏജൻസികൾക്ക് സെക്രട്ടറി മുഖേന കൈമാറിയ തുകകളുടെ വിനിയോഗ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 198/16-അരപ്പാറ എസ്.സി കോളനി പൈപ്പ് ലൈൻ നീട്ടൽ | 13/25-9-2015 | 178000 |
| | 199/16-പീടിയോട് കോളനി പൈപ്പ് ലൈൻ നീട്ടൽ | 11/25-9-2015 | 475000 |
| | 200/16-ക്ലമൻകാട് കോളനി പൈപ്പ് ലൈൻ നീട്ടൽ | 26/27-1-2016 | 475000 |
| | 201/16-വെണ്ണടി കോളനി പൈപ്പ് ലൈൻ നീട്ടൽ | 14/25-9-2015 | 125000 |

| | | | |
|---|---|---|---|
| | 202/16-മുണ്ടംപോക്ക് കോളനി പൈപ്പ് ലൈൻ നീട്ടൽ | 12/25-9-2015 | 150000 |
| | 203/16-താനിക്കുന്ന് എസ്.സി കോളനി പൈപ്പ് ലൈൻ നീട്ടൽ | 27/27-1-2016 | 200000 |
| | 205/16-അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ | 430/22-9-2015 (തനത് ഫണ്ട്) | 178000 |
| വൈദ്യുതി ബോർഡ് | 204/16-അരപ്പാറ രാജീവ് കോളനി വൈദ്യുതി ലൈൻ നീട്ടൽ | 10/25-9-2015 | 49900 |
| ആകെ | | | 1830900 |

പ്രവൃത്തികളുടെ പൂർത്തീകരണ രേഖകളും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഏജൻസികളുടെ കൈവശം അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ഫ്രണ്ട് ഓഫീസിലേക്കുള്ള ടെലിവിഷൻ പ്രയോജനപ്പെടുത്തണം

പ്രൊ.നം. 34/16-ഫ്രണ്ട് ഓഫീസിലേക്കുള്ള ടെലിവിഷൻ വാങ്ങൽ

അടങ്കൽ - 40000 (തനത് ഫണ്ട്)

ചെലവ് - 24900

വൗ.നം. 21500802/14-1-2016

ഫ്രണ്ട് ഓഫീസിൽ സ്ഥാപിക്കുവാനായി 24900 രൂപ ചെലവഴിച്ച് ഒരു ടെലിവിഷൻ വാങ്ങിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. കേബിൾ കണക്ഷൻ ലഭ്യമാക്കി ടെലിവിഷൻ ഫലപ്രദമായി പ്രയോജനപ്പെടുത്തേണ്ടതാണ്.

## 3-6 ആവർത്തന ചെലവുകൾ കുറയ്ക്കുന്നതിനുള്ള ഗ്രാമപഞ്ചായത്തിന്റെ ശ്രമം അഭിനന്ദനാർഹം

പൊതു ടാപ്പുകളുടെ വെള്ളക്കരം

ഗ്രാമപഞ്ചായത്ത് പരിധിയിൽ ജല അതോറിറ്റിയുടെ കീഴിലുള്ള 52 പൊതുടാപ്പുകൾ ഉണ്ടായിരുന്നു. പ്രതിമാസം 22750 രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കിയിരുന്നു. 13-8-2014 ലെ തീരുമാനം നം. 6 അനുസരിച്ച് അത്യാവശ്യമുള്ള പൊതു ടാപ്പുകൾ മാത്രം നിലനിർത്തി ബാക്കിയുള്ളവ ഒഴിവാക്കുവാൻ തീരുമാനിക്കുകയും ജല അതോറിറ്റിക്ക് കത്ത് നൽകുകയും ചെയ്തു. 10/2015 മുതൽ 24 പൊതു ടാപ്പുകളുടെ വെള്ളക്കരം മാത്രമാണ് ഒടുക്കുന്നത്. ആയത് അഭിനന്ദനാർഹമാണ്.

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്

വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്ത്120 ഓർഡിനറി ലാമ്പുകൾ ഉണ്ടായിരുന്നു. യഥാർത്ഥത്തിൽ നിലവിലില്ലാത്ത സാധാരണ ലാമ്പുകൾക്ക് വൈദ്യുതി ചാർജ്ജ് ഈടാക്കിയിരുന്നു. 7/2015 ൽ വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും 120 ഓർഡിനറി ലാമ്പുകൾ ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതിചാർജ്ജിനത്തിൽ ഗണ്യമായ കുറവ് വരുത്തുവാൻ സാധിച്ചത് അഭിനന്ദനാർഹമാണ്.

# 3-7 ഐ.എ.വൈ വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2015-16 വർഷത്തിൽ ഐ.എ.വൈ പദ്ധതിയുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്തിൽനിന്നും ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ തുകകളുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. 9/16-ഐ.എ.വൈ വിഹിതം (എസ്.സി.പി)

അടങ്കൽ - 1740000

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

ചെലവ് - 1495000

1. ബിൽ നം. 4/12-10-2015 - 1462500

2. ബിൽ നം. 7/13-3-2016 – 32500

വിനിയോഗ രേഖകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-8 കുടുംബശ്രീ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള

## വികസന ഫണ്ട് തിരിച്ചടക്കേണ്ടതാണ്

ജില്ലാ പഞ്ചായത്തിൽനിന്നും ഗ്രാമപഞ്ചായത്തിൽനിന്നും വിവിധ വർഷങ്ങളിൽ പട്ടികജാതി വിഭാഗക്കാർക്ക് സ്ഥലം വാങ്ങൽ, ഭവന നിർമ്മാണം തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിനായി കുടുംബശ്രീ അക്കൗണ്ടിലേക്ക് കൈമാറിയ വികസനഫണ്ടിൽ 899000 രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ലെന്ന് ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജില്ലാ പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ് - 789000

2. ഗ്രാമപഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ് - 110000

അക്കൗണ്ട് നം. 3017, എസ്.സി.ബി, കാരാകുറിശ്ശി.

ചെലവഴിക്കാതെ അവശേഷിക്കുന്ന വികസനഫണ്ട് സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സമൂഹത്തിലെ അവശത അനുഭവിക്കുന്ന വിഭാഗക്കാർക്കായി അനുവദിക്കുന്ന വികസനഫണ്ട് ഉചിതമായ പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-9 എസ്.എസ്.എ ഫണ്ട് വിനിയോഗത്തിൽ മാർഗ്ഗരേഖ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം

2015-16 വർഷത്തെ എസ്.എസ്.എ പ്രൊജക്ടിനുള്ള പഞ്ചായത്ത് വിഹിതമായ 619916/- രൂപ എസ്.എസ്.എ, പാലക്കാട് ജില്ലാ പ്രൊജക്റ്റ് ഓഫീസർക്ക് നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ വഴി നൽകിയിട്ടുണ്ട്.

| പ്രൊജക്ട് | ചെലവ് | ബിൽ നം. |
|---|---|---|
| 27/16-എസ്.എസ്.എ വിഹിതം - ജനറൽ | 600000 | 2/14-7-2015 |
| 28/16-എസ്.എസ്.എ വിഹിതം - എസ്.സി.പി | 19916 | 1/14-7-2015 |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി. ഒ (എം.എസ്) നം. 362/13 തിയതി

16-11-2013 പ്രകാരം എസ്.എസ്.എയും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിൻറെ എസ്.എസ്.എ പ്രൊജക്ട് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും, എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയതായി രേഖകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടില്ല. വരും വർഷങ്ങളിൽ പ്രൊജക്റ്റുകൾ ആവിഷ്കരിക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 ഹോമിയോ മരുന്നുകൾ മറ്റൊരു സ്ഥാപനത്തിന്റെ ആവശ്യത്തിനായി കൈമാറിയത് ക്രമപ്രകാരമല്ല

കാരാകുറിശ്ശി ഹോമിയോ ഡിസ്പെൻസറിയുടെ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ തച്ചനാട്ടുകര എൻ.എച്ച്.എം ഹോമിയോ ഡിസ്പൻസറിയിലേക്കും, കടമ്പഴിപ്പുറം എൻ.എച്ച്.എം ഹോമിയോ ഡിസ്പൻസറിയിലേക്കും ലോൺ വ്യവസ്ഥയിൽ മരുന്നുകൾ കൈമാറിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

മരുന്നുകൾ പിന്നീട് തിരികെ ലഭ്യമായതിന്റെ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | മരുന്നുകൾ കൈമാറിയതിന്റെ വിവരം | മരുന്നിനങ്ങളുടെ എണ്ണം | തിയതി |
|---|---|---|---|
| 1 | എൻ.എച്ച്.എം ഹോമിയോ ഡിസ്പൻസറി, തച്ചനാട്ടുകര | 99 | പല ദിവസങ്ങളിലായി മരുന്നുകൾ നൽകിയിട്ടുണ്ട്.<br>17-9-2015 ന് തച്ചനാട്ടുകര മെഡിക്കൽ ഓഫീസർ കൈപ്പറ്റിയതിന്റെ സാക്ഷ്യപത്രം ഉണ്ട്. |
| 2 | എൻ.എച്ച്.എം ഹോമിയോ ഡിസ്പൻസറി, കടമ്പഴിപ്പുറം | 12 | 21-11-2015 |

ഗ്രാമപഞ്ചായത്തിൻറെ ആവശ്യത്തിനായി ലഭ്യമാക്കിയ മരുന്നുകൾ മറ്റൊരു

സ്ഥാപനത്തിന് കൈമാറിയത് ക്രമപ്രകാരമല്ല. ഇത്തരം നടപടികൾ സ്വീകരിക്കുമ്പോൾ ഭരണസമിതിയുടെ അനുമതി ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ അടിയന്തിരമായി തിരികെ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.4 തിയതി.15-11-2016)

# 3-11 പാലയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ അവലോകനം

പ്രൊ നം. 29/16-സാന്ത്വന പരിചരണ പദ്ധതി
അടങ്കൽ – 600000 (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)
ചെലവ് – 577180

ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യവകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം. 3217/2015 /തസ്വഭവ തിയതി 29-10-2015 പ്രകാരം പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം. ആയതിനായി ഗ്രാമപഞ്ചായത്ത് തൻവർഷം 600000 രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തുകയും 577180രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പുരേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

മികവിനുള്ള അംഗീകാരം

നിലവിൽ ആകെ 207 ഗുണഭോക്താക്കൾ പദ്ധതിയുടെ കീഴിലുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ട് കൂടാതെ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള സഹായം കൂടി പ്രയോജനപ്പെടുത്തി നല്ല രീതിയിൽ പാലിയേറ്റീവ് പദ്ധതിയുടെ പ്രവർത്തനം നടത്തിവരുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. പാലിയേറ്റീവ് പ്രവർത്തനത്തിന്റെ മികവിന് 2014-15 വർഷത്തിൽ 500000 രൂപ ആരോഗ്യവകുപ്പിൽ നിന്ന് ലഭ്യമായിട്ടുണ്ട്. തുക ഗ്രാമപഞ്ചായത്തിൽ നിക്ഷേപിക്കുകയും ആയതിൽ 399611 രൂപ പി.എച്ച്.സി ക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി തുക കൂടി ആരോഗ്യ മേഖലയ്ക്കായി ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മറ്റ് പ്രവർത്തനങ്ങൾ

പാലിയേറ്റീവ് കുടുംബസംഗമം, 48 കുട്ടികൾക്ക് സംഭാവന മുഖേന സ്കൂൾ കിറ്റ് വിതരണം,

116 കുടുംബങ്ങൾക്ക് ഓണകിറ്റ് വിതരണം എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കേരളത്തിൽ ആദ്യമായി പാലിയേറ്റീവ് കുടുംബങ്ങളിലെ കുടുംബാംഗങ്ങളെ ഉൾപ്പെടുത്തി പാലിയം കുടുംബശ്രീ രൂപീകരിച്ചിട്ടുണ്ട്. ഈ കുടുംബശ്രീക്ക് കുടനിർമ്മാണ പരിശീലനം നടത്തി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. അംഗങ്ങൾ നിർമ്മിച്ച ഉൽപ്പന്നങ്ങൾ വിപണനം നടത്തി സ്വരൂപിച്ച തുക അംഗങ്ങൾക്ക് തന്നെ വിതരണം ചെയ്തിട്ടുണ്ട്. സമൂഹത്തിലെ വിവിധ സംഘടനകളിൽ നിന്ന് സഹായം സ്വീകരിച്ച് രോഗികൾക്ക് വാട്ടർബെഡ്, ഫ്ലാസ്ക്, ഊന്നുവടി എന്നിവ വിതരണം നടത്തിയിട്ടുണ്ട്.

സാന്ത്വന ചികിത്സക്കുള്ള വാഹനം

ഗ്രാമപഞ്ചായത്ത് അനുവദിക്കുന്ന തുകയുടെ ഭൂരിഭാഗവും വാഹനവാടകയിനത്തിൽ നൽകിവരുന്നുണ്ട്. സാന്ത്വന ചികിത്സക്കായി പൊതുജനങ്ങളുടെ സഹായത്തോടെ ഒരു വാഹനം വാങ്ങുന്നതിനുള്ള ശ്രമം നടത്തുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എക്സിറ്റ് മീറ്റിംഗ് വേളയിൽ അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി(പി.എം.സി), പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുകയും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

3. പാലിയേറ്റീവ് പരിചരണ പദ്ധതി തുടർന്നുവരുന്നതിനാൽ വാഹന വാടകയിനത്തിൽ ചെലവഴിക്കുന്ന ഭീമമായ തുക കുറവു ചെയ്യുന്നതിനായി പൊതുജനങ്ങളുടെ സഹകരണത്തോടെയോ സന്നദ്ധസംഘടകകളുടെ സഹായത്തോടെയോ ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. 29-10-2015 ലെ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ ഉത്തരവിൽ വാഹനം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പദ്ധതി നടത്തിപ്പിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 ലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-12 വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ

# പൂർത്തീകരണം ഉറപ്പാക്കണം

വി.ഇ.ഒ നിർവ്വഹണം നടത്തിയ വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ ബാക്കിയുള്ള ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

## 1. നെഹ്റു ഭവന നിർമ്മാണം

പ്രൊജക്റ്റ് നം-23/16

അടങ്കൽ - 3200000 (വികസന ഫണ്ട് -1680469+ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 900000 + തനത് ഫണ്ട്-619531)

നെഹ്റു ഭവന നിർമ്മാണ പദ്ധതി പ്രകാരം ഓരോ വാർഡിലും ഒരു ഗുണഭോക്താവിന് 200000/- രൂപ വീതം 16 വാർഡുകളിൽ 16 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്. ആയതിൽ അഞ്ച് ഗുണഭോക്താക്കൾ ഇനിയും വീട്ടുപണി പൂർത്തീകരിക്കുവാനുണ്ട്. തുക കൈപറ്റിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | ശ്രീമതി.ഹസീന | 70000 | 130000 |
| 2 | ശ്രീമതി.റുബിയ | 180000 | 20000 |
| 3 | ശ്രീമതി.ബൽക്കീസ് | 180000 | 20000 |
| 4 | ശ്രീമതി.ജസല | 140000 | 60000 |
| 5 | ശ്രീമതി.രുഗ്മിണി | 100000 | 100000 |

## 2. ആശ്രയ ഭവന നിർമ്മാണം(ജനറൽ)

പ്രൊ. നം. 13/16

അടങ്കൽ - 270000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

മേൽ പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ ബാക്കിയുള്ള ഗുണഭോക്താവിന്റെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|

| | | |
|---|---|---|
| ശ്രീമതി.നാണിയമ്മ ചാമിയാർ,പുല്ലിശ്ശേരി, കാരാകുറുശ്ശി | 70000 | 130000 |

പൂർത്തീകരിക്കുവാൻ ബാക്കിയുള്ള ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-13 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ ആകെ 22 അങ്കണവാടികളാണുള്ളത്. ഇതിൽ 3 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഒരെണ്ണത്തിന്റെ കെട്ടിട നിർമ്മാണം പുരോഗമിക്കുന്നുണ്ട്. 12 അങ്കണവാടികൾ നാളിതുവരെ വൈദ്യുതീകരിച്ചിട്ടില്ല. 11 അങ്കണവാടികളിൽ മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. കുടിവെള്ള സൗകര്യം 9 അങ്കണവാടികളിൽ മാത്രമാണുള്ളത്. അങ്കണവാടികളിൽ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കുകയും മുൻഗണന നൽകി അവ പ്രാവർത്തികമാക്കുവാൻ ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതുമാണ്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-14 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്

എ. എഗ്രിമെന്റ് വ്യവസ്ഥകൾ 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ മാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്ത് പുതുക്കിയിട്ടില്ല

സ.ഉ (പി) 13/2012/PWD തിയതി 1-2-2012 പ്രകാരം കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പുതുക്കിയിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തിൽ ടെണ്ടർ ലഭിച്ച കരാറുകാരുമായി ഏർപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ മാന്വലിലെ നിബന്ധനകൾക്കനുസരിച്ച് പരിഷ്കരിച്ചിട്ടില്ല. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി എഗ്രിമെന്റ് വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള സാധന സാമഗ്രികളുടെ അളവ്, ഗുണനിലവാരം, വില, കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, കൂലി, മതിപ്പ ചെലവ് എന്നിവ മലയാളത്തിൽ തയ്യാറാക്കിവെക്കണം എന്ന നിബന്ധന പാലിക്കുന്നില്ല. ചട്ടം 17 അനുസരിച്ച് മരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും അടുത്ത ഗ്രാമസഭയിൽ വെക്കുകയും വേണം. സംക്ഷിപ്ത വിവരം പണി നടക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കണം. ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സി. ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പ്

ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടറിന് ഇഷ്യൂ ചെയ്യുന്ന ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ടെണ്ടർ ചെയ്യപ്പെടുന്ന പ്രവൃത്തിയുടെ അടങ്കലിനനുസരിച്ച് ഒരു ടെണ്ടർ ഫോറത്തിന് 300 മുതൽ 15000 രൂപവരെ മൂല്യമുണ്ടെന്നിരിക്കെ ഇവയുടെ സ്റ്റോക്ക് കൃത്യമാക്കിവെക്കാത്തത് സാമ്പത്തിക നഷ്ടത്തിന് ഇടവരുത്തുന്നതാണ്. ടെണ്ടർ ഫോറം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുന്ന സെക്രട്ടറിയും ടെണ്ടർ ഫോറം തയ്യാറാക്കി കരാറുകാർക്ക് വിതരണം ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയറും ടെണ്ടർ ഫോറങ്ങളുടെ റസീപ്റ്റ്, ഇഷ്യൂ, ബാലൻസ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അനധികൃതമായി ടെണ്ടർ ഫോറങ്ങൾ വില്പന നടത്തിയിട്ടുണ്ടോ എന്നും ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടുണ്ടോ എന്നും പരിശോധിക്കാൻ കഴിയുന്നതരത്തിൽ രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് കൃത്യമാക്കി വെക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-15 ഗുണഭോക്തൃ സമിതികകൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കണം

ഓഡിറ്റ് വർഷത്തിൽ നൂറോളം മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണചുമതല ഗുണഭോക്തൃസമിതികളെയാണ് ഏൽപ്പിച്ചിട്ടുള്ളത്. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13 ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13 ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/13/ത.സ്വ.ഭ.വ പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് സർക്കാർ

നിർദ്ദേശിച്ചിട്ടുണ്ട്. എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 13.03.13 ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി. എഞ്ചിനീയർമാർക്കും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാലിക്കാതെയാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയ ഫയലുകളിൽ കണ്ടെത്തിയ അപാകതകളുടെ സംക്ഷിപ്തവിവരം താഴെ ചേർക്കുന്നു.

എ. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്. പ്രവൃത്തികളുടെ ഫയലുകൾ കൺവീനർമാർ അസി.എഞ്ചിനിയർക്ക് കൈമാറിയിട്ടുണ്ടെങ്കിലും ആവശ്യമായ എല്ലാ രേഖകളും ഉണ്ടെന്ന് പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല.

ബി. 13.03.13 ലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി. എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി. എഞ്ചിനീയർ, അസി. എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബില്ലുകളിലും, മസ്റ്റർ റോളുകളിലും കൺവീനർമാർ ഒപ്പുവെച്ചിട്ടുണ്ടെങ്കിലും മേലധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഗുണഭോക്തൃസമിതികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ ചട്ടങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും നിർബന്ധമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-16 പി.എച്ച്.സിയിൽ മെഡിക്കൽ സ്റ്റോർ റൂം നിർമ്മാണം-പാർട്ട് ബിൽ തയ്യാറാക്കിയതിൽ

## അപാകത

191/16-പി.എച്ച്.സി യിൽ മെഡിക്കൽ സ്റ്റോർ റൂം നിർമ്മാണം

അടങ്കൽ - 1097420 (കെ.എൽ.ജി.എസ്.ഡി.പി)

കരാറുകാരൻ - ശ്രീ.മുഹമ്മദലി.കെ

ടെണ്ടർ നിരക്ക് - 6.6% കുറവ് (ഇ-ടെണ്ടർ)

എഗ്രിമെന്റ് നം. - 95/3-10-2015

അളവു പുസ്തകം നം. - 803/14, 813/14, 608/15

ഒന്നാം പാർട്ട് ബിൽ തുക – 5111556

ബിൽ നം. 111/17-3-2016 (511156 രൂപ)

പ്രവൃത്തി മൂല്യത്തിൽ നിന്ന് ടെണ്ടർ വ്യതിയാനമായ 6.6 % കുറവു ചെയ്തതിനുശേഷം ലഭ്യമാകുന്ന തുകയുടെ അടിസ്ഥാനത്തിൽ നികുതികൾ കണക്കാക്കേണ്ടതിനു പകരം യഥാർത്ഥ ബിൽ തുകയെ അടിസ്ഥാനമാക്കി നികുതികൾ കണക്കാക്കിയാണ് പാർട്ട് ബിൽ തയ്യാറാക്കിയിട്ടുള്ളത്.

വിശദാംശം താഴെ ചേർക്കുന്നു.

| | കണക്കാക്കിയത് | കണക്കാക്കേണ്ടിയിരുന്നത് | വ്യത്യാസം |
|---|---|---|---|
| പ്രവൃത്തി മൂല്യം | 547276.12 | 547276.12 | - |
| (-) ടെണ്ടർ വ്യതിയാനം (6.6%) | 36120.22 | 36120.22 | - |
| | 511155.90<br>=511156.00 | 511155.90<br>=511156.00 | - |
| (-) വാറ്റ് | 21891 | 20446 | 1445 |
| ആദായ നികുതി | 5473 | 5112 | 361 |
| വെൽഫയർ ഫണ്ട് | 5473 | 5112 | 361 |
| റീടെൻഷൻ | 54728 | 54728 | - |
| ബാക്കി കരാറുകാരന് | 423591 | 425758 | 2167 |

ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

അവസാന ബിൽ തുക അനുവദിക്കുമ്പോൾ അപാകത ക്രമീകരിക്കേണ്ടതാണ്. പ്രവൃത്തിയുടെ അവസാന ബിൽ അടുത്ത വർഷത്തെ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 3-17 കൊപ്ര ഡ്രയർ യൂണിറ്റിന്റെ പൂർണ്ണസംരക്ഷണം ഉറപ്പുവരുത്തണം

124/15(180/16) – കൊപ്ര ഡ്രയർ യൂണിറ്റ് നവീകരണം

അടങ്കൽ - 200000 (തനത് ഫണ്ട്)

ചെലവ് - 168029 (വൗ.നം. 21500298/12-8-2015)

കൺവീനർ - ശ്രീ.സുജീഷ്.ടി

അരപ്പാറയിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച നൽകിയ കെട്ടിടത്തിൽ വനിതകളുടെ നേതൃത്വത്തിൽ തേങ്ങ സംസ്കരണ യൂണിറ്റ് ആരംഭിക്കുന്നതിനായി മുൻ വർഷങ്ങളിൽ 1188000 രൂപ ചെലവഴിച്ച് ഒരു കൊപ്ര ഡ്രയർ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. പ്രധാന കെട്ടിടത്തിന്റെ പുറകുവശത്ത് സ്ഥാപിച്ചിട്ടുള്ള കൊപ്ര ഡ്രയറിന്റെ പ്രധാന ഭാഗങ്ങൾ സംരക്ഷിക്കുന്നതിനായി ഒരു പ്ലാറ്റ്ഫോം നിർമ്മിക്കുകയും മുകളിൽ ഷീറ്റ് ഇടുകയും ചെയ്തിട്ടുണ്ട്.

17-11-2016 ന് ഗ്രാമപഞ്ചായത്ത് അധികൃതരുടേയും, ഓവർസിയറുടേയും സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ യന്ത്രഭാഗങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുവാനുള്ള സംവിധാനം ഒരുക്കിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു. പ്രധാന കെട്ടിടത്തിന്റെ പുറകുവശത്ത് യാതൊരു സംരക്ഷണവുമില്ലാതെയാണ് യന്ത്രഭാഗങ്ങൾ സൂക്ഷിച്ചിട്ടുള്ളത്. കോമ്പൗണ്ടിന്റെ മുൻവശത്തെ മതിൽ തകർന്ന നിലയിലായതിനാൽ കെട്ടിടത്തിനും യന്ത്രങ്ങൾക്കും യാതൊരു സുരക്ഷിതത്വവും നിലിലില്ലാത്ത സ്ഥിതിയാണുള്ളത്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

യൂണിറ്റിന്റെ നിലവിലെ സ്ഥിതി

6/2015 മുതൽ കേരാഫെഡ് എന്ന സ്ഥാപനത്തിന് തേങ്ങ സംസ്കരണ യൂണിറ്റ് നടത്തിപ്പിനായി പ്രതിമാസം 10000 രൂപ വാടക നിശ്ചയിച്ച് കൈമാറുകയും 5/2016 ൽ പ്രതിമാസ വാടക 15000 രൂപയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. 9/2016 ൽ കേരഫെഡ് നടത്തിപ്പ് ചുമതലയിൽനിന്ന് ഒഴിവാകുകയും ഗ്രാമപഞ്ചായത്ത് വാടക ഒഴിവാക്കി നൽകുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

യന്ത്രസാമഗ്രികളുടെ സംരക്ഷണം ഉറപ്പാക്കുകയും യൂണിറ്റിന്റെ യഥാർത്ഥ ലക്ഷ്യം നിറവേറ്റുന്ന വിധത്തിൽ തുടർ പദ്ധതികൾ ആവിഷ്കരിച്ച് യൂണിറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ഭരണ സമിതിയുടേയും ഉദ്യോഗസ്ഥരുടേയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.


സുരക്ഷ ഉറപ്പാക്കാതെ സൂക്ഷിച്ചിട്ടുള്ള ഡ്രൈയർ

# 3-18 പഞ്ചായത്ത് അനക്സ് കെട്ടിടം പുനരുദ്ധാരണം, സ്ട്രോംഗ് റൂം നിർമ്മാണം- അപാകതകൾ

195/15 (183/16) - പഞ്ചായത്ത് അനക്സ് കെട്ടിടം പുനരുദ്ധാരണം, സ്ട്രോംഗ് റൂം നിർമ്മാണം

അടങ്കൽ - 1000000 രൂപ

(വികസന ഫണ്ട് - ജനറൽ - 376825 + ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 610828+ തനത്ഫണ്ട് - 5147)

കരാറുകാരൻ - ശ്രീ. റജി എബ്രഹാം, കാരാകുറിശ്ശി.

എഗ്രിമെന്റ് നം. - 96/14-15 തിയതി 30-3-2015

ചെലവ് - 996331 രൂപ

1. ബിൽ നം. 112/17-3-2016 (376825-വികസന ഫണ്ട്)

2. ബിൽ നം. 113/17-3-2016 (618028-ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

3. വൗ. നം. 21501132/17-3-2016 (1478-തനത് ഫണ്ട്)

കാരാകുറിശ്ശി അയ്യപ്പൻകാവ് എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന്റെ ഒരു ഭാഗത്ത് കനറാ ബാങ്കിന്റെ പ്രവർത്തനത്തിനാവശ്യമായ നവീകരണം നടത്തുവാൻ ലക്ഷ്യമിട്ട് ആവിഷ്കരിച്ച പ്രൊജക്റ്റ് പ്രകാരം 13-2-2015 തിയതിയിൽ ടെണ്ടർ ചെയ്യുകയും 30-3-2015ന് കരാറുകാരനുമായി എഗ്രിമെന്റ് ഒപ്പുവെക്കുകയും ചെയ്തു. ബാങ്കിന്റെ ആവശ്യത്തിനുള്ള സ്ട്രോംഗ് റൂം, കെട്ടിടത്തിന്റെ മുകൾനിലയിൽ നിർമ്മിക്കുവാനുള്ള എസ്റ്റിമേറ്റാണ് ആദ്യം

തയ്യാറാക്കിയിരുന്നത്. താഴത്തെ നിലയിൽ സ്റ്റോംഗ് റൂം നിർമ്മിക്കുന്നതായിരിക്കും ഉചിതമെന്ന് പിന്നീട് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തിട്ടുണ്ട് പ്രവൃത്തിയുടെ പൂർത്തീകരണ തിയതി 31-3-2016 വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. ചെലവ് രേഖകളുടെ പരിശോധനയിലും 16-11-2016 തിയതിയിൽ നടത്തിയ പ്രാദേശിക പരിശോധനയിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ഇത്തരം ബൃഹദ് പദ്ധതികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ എല്ലാ ഘടകങ്ങളും ആദ്യഘട്ടത്തിൽ തന്നെ ഉറപ്പാക്കേണ്ടതായിരുന്നു എന്ന് നിരീക്ഷിക്കുന്നു. ടെണ്ടർ നടപടികൾക്ക് ശേഷം എസ്റ്റിമേറ്റ് മാറ്റുമ്പോൾ പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കി അനുവദിക്കപ്പെട്ട തുക അതാത് സാമ്പത്തിക വർഷത്തിൽ തന്നെ ചെലവഴിക്കുവാൻ കഴിയാതെ പോവുകയും ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ എഞ്ചിനിയറിംഗ് വിഭാഗം ശ്രദ്ധിക്കേണ്ടതാണ്.

2. നവീകരണ പ്രവൃത്തികൾക്കായി അഴിച്ചുമാറ്റിയ രണ്ട് റോളിംഗ് ഷട്ടറുകൾ പ്രവൃത്തി സ്ഥലത്തുനിന്നും നഷ്ടപ്പെട്ടതായി അസി. എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 200 Kg. വീതമുള്ള ഷട്ടറുകൾക്ക് കിലോ ഗ്രാമിന് 10 രൂപ നിരക്ക് നിശ്ചയിച്ച് 4000 രൂപ ഈടാക്കേണ്ടതാണെന്ന് അസി. എഞ്ചിനിയർ ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നുവെങ്കിലും ഈ വിഷയത്തിൽ നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. അവസാന ബിൽ തുകയിൽ നിന്ന് തുക കുറവു ചെയ്തതിട്ടുമില്ല.

ഈ വിഷയം ചൂണ്ടി കാണിച്ചു കൊണ്ട് ഓഡിറ്റ് അന്വേഷണം നൽകിയതനുസരിച്ച് കരാറുകാരനിൽ നിന്നും 4000 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുകയും ഓഡിറ്റിൽ പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

3. കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾക്കു ശേഷം ടൈൽസ്, വയറിംഗ്, പ്ലംബിംഗ് തുടങ്ങിയ പൂർത്തീകരണ പ്രവൃത്തികൾക്കായി 2015-16 വർഷത്തിൽ ലോകബാങ്ക് സഹായത്തിൽ നിന്നും തുക വകയിരുത്തി താഴെ പറയും പ്രകാരം മറ്റൊരു പ്രൊജക്റ്റ് ആവിഷ്കരിച്ച് ടെണ്ടർ ചെയ്തിട്ടുണ്ട്.

<u>192/16-പഞ്ചായത്ത് ഓഫീസ് അനക്സ് കെട്ടിടം വിപുലീകരണം</u>

അടങ്കൽ - 1102580 (കെ.എൽ.ജി.എസ്.ഡി.പി)

ടെണ്ടർ തുക – 6.6% കുറവ് (ഇ-ടെണ്ടർ)

18-8-2015ന് ടെണ്ടർ ചെയ്ത് ശ്രീ. മുഹമ്മദലി എന്ന കരാറുകാരന് പ്രവൃത്തിയുടെ ചുമതല നൽകുകയും ചെയ്തുവെങ്കിലും 2015-16 വർഷത്തിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. 16-11-2016 തിയതിയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണെന്ന് ബോധ്യപ്പെട്ടു.

സ.ഉ(സാധാ)നം.1055/2011/ത.സ്വ.ഭ.വ തിയതി 20-7-2011, സ.ഉ(സാധാ)നം.2668/ 2011/ത.സ്വ.ഭ.വ തിയതി 15-11-2011 എന്നിവ പ്രകാരം പുറപ്പെടുവിച്ച കെ.എൽ.ജി.എസ്.ഡി.പി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഷോപ്പിംഗ് കോംപ്ലക്സ് പോലുള്ള വാണിജ്യ സ്വഭാവമുള്ള സംരംഭങ്ങൾക്ക് ലോകബാങ്ക് സഹായം ചെലവഴിക്കുവാൻ പാടുള്ളതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തിക്ക് ലോകബാങ്ക് സഹായം വകയിരുത്തിയതിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

തൻവർഷം പ്രവൃത്തിക്കായി ചെലവ് നടത്തിയിട്ടില്ലാത്തതിനാൽ പ്രവൃത്തിയുടെ ഫയൽ അടുത്ത വർഷത്തെ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 3-19 തൊഴുത്ത് നിർമ്മാണത്തിന് അർഹതയില്ലാത്ത ഗുണഭോക്താവിന് സബ്സിഡി അനുവദിച്ചു

പ്രൊജക്റ്റ് നം-209/16-പുതിയ തൊഴുത്ത് നിർമ്മാണം

അടങ്കൽ- 900000 (വികസന ഫണ്ട്-ജനറൽ-480000+ഗുണ വിഹിതം- 480000 )

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

പദ്ധതിച്ചെലവിന്റെ വിവരം താഴെ ചേർക്കുന്നു.

| ബിൽ നം. /തിയതി | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1/29-12-2015 | 220000 | 22 |
| 2/29-12-2015 | 70000 | 7 |
| 4/ 9- 2-2016 | 80000 | 8 |
| 5/187- 3-2016 | 60000 | 6 |
| ആകെ | 430000 | 43 |

ജനറൽ വിഭാഗത്തിൽപ്പെട്ട 43 പേർക്ക് 10000 രൂപ വീതം അനുവദിക്കുന്നതിനായി മേൽസൂചിപ്പിച്ച പ്രകാരം 430000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ

അർഹതാരേഖകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. ബിൽ നമ്പർ 1 പ്രകാരം പിൻവലിച്ച തുകയിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവായ ശ്രീ. രാമൻകുട്ടിഗുപ്തൻ, പുല്ലിശ്ശേരി (വാർഡ് 16) ഹാജരാക്കിയ വരുമാന സർട്ടിഫിക്കറ്റിൽ വരുമാനം കാണിച്ചിരിക്കുന്നത് 2.5 ലക്ഷം രൂപയാണ്.

2. ടിയാന് 6 ഏക്കർ 85 സെന്റ് സ്ഥലം ഉള്ളതായി തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രസീതി നം. 7235328 പ്രകാരം വസ്തു നികുതി അടവാക്കിയത് 6 ഏക്കർ 85 സെൻറ്റ് സ്ഥലത്തിനാണ്.

സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ തിയതി 16-11-2013 പ്രകാരം തൊഴുത്ത് നിർമ്മാണത്തിന് സബ്സിഡി നൽകാവുന്നത് നാമമാത്ര-ചെറുകിട കർഷകർക്ക് മാത്രമാണ്. പരമാവധി 5 ഏക്കർ സ്ഥലം ഉള്ളവർക്ക് മാത്രമാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. മേൽ സൂചിപ്പിച്ച ഗുണഭോക്താവിന് പരിധിയിൽ കവിഞ്ഞ സ്ഥലം ഉണ്ടായിട്ടും ആനുകൂല്യം അനുവദിച്ച നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ ഗുണഭോക്താവിന് അനുവദിച്ച 10000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പദ്ധതി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## **3-20** തെരുവുനായ്ക്കളുടെ വന്ധ്യംകരണത്തിനുള്ള ഏ.ബി.സി പ്രോഗ്രാമിനുള്ള പഞ്ചായത്ത് വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

218/16-എ.ബി.സി പ്രോഗ്രാം

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജ്ജൻ

വികസനഫണ്ട് - 350000

ചെലവ് - 350000

ബിൽ നം. 3/9-2-2016

മേൽ തുക ഡി.ഡി നം. 234673/17-2-106 പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ രേഖകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.
ആയത്
ലഭ്യമാക്കേണ്ടതാണ്.

# 3-21 ആശ്രയ പദ്ധതി - അവലോകനം

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്) നം.71/2003/പ്ലാനിംഗ്/12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ(എം.എസ്)നം.362/2013/ ത.സ്വ.ഭ.വ തിയതി 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപ്പിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കിയിരിക്കണം.

കാരാക്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ കണക്കിലെടുത്ത് ആശ്രയ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ സംക്ഷിപ്തിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ഒന്നാം ഘട്ടം 2003-05 | | രണ്ടാം ഘട്ടം 2014-17 | |
|---|---|---|---|---|---|
| | | ആവശ്യമുള്ളത് | ലഭ്യമാക്കിയത് | ആവശ്യമുള്ളത് | ലഭ്യമാക്കിയത് |
| 1 | വീട് ആവശ്യമുള്ളവർ | 53 | 46 | 19 | 8 |
| 2 | വീട് വെക്കുവാൻ സ്ഥലം ആവശ്യമുള്ളവർ | 6 | 6 | 5 | - |
| 3 | വീട് റിപ്പയർ ആവശ്യമുള്ളവർ | 47 | 47 | 28 | 5 |
| 4 | കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | 16 | 8 | - | - |
| 5 | കക്കൂസ് ആവശ്യമുള്ളവർ | 41 | 41 | 14 | 0 |
| 8 | കറണ്ട് കണക്ഷൻ ആവശ്യമുള്ളവർ | - | - | - | - |

സ.ഉ(എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക്

വീട് നൽകാൻ പാടുള്ളൂ. അനുബന്ധം 14 ഖ. 6.8(ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം.

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ട ലിസ്റ്റിൽ 126 ഉം രണ്ടാം ഘട്ട ലിസ്റ്റിൽ 129 ഉം അഗതികളാണ് ഉള്ളത്. ആശ്രയ പദ്ധതി തുടങ്ങി ഇതുവരെയായി മേൽ പട്ടികയിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ മാത്രമാണ് ആണ് നൽകിയിട്ടുള്ളത്. ചാലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി നടത്തിപ്പ് തുടർന്നുവരുന്നുണ്ട്. ആശ്രയ രണ്ടാം ഘട്ടം 2017 ൽ അവസാനിക്കുന്ന സാഹചര്യത്തിൽ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആശ്രയ ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 44250 | ഉഴവുകൂലി | 44250 | 0 |
| ബ്ലോക്ക് വിഹിതം | 2015-16 | 26550 | ഉഴവുകൂലി | 26550 | 0 |
| ബ്ലോക്ക് വിഹിതം | 2015-16 | 54500 | സ്കോളർഷിപ്പിനുള്ള വിഹിതം | 54500 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 198/16-അരപ്പാറ എസ്.സി കോളനി പൈപ്പ് ലൈൻ നീട്ടൽ | 13/25-9-2015 | 178000 | വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല | | |
| | 199/16-പീടിയോട് കോളനി പൈപ്പ് ലൈൻ നീട്ടൽ | 11/25-9-2015 | 475000 | | | |
| | 200/16-കുമൻകാട് കോളനി പൈപ്പ് ലൈൻ നീട്ടൽ | 26/27-1-2016 | 475000 | | | |
| | 201/16-വെണ്ണടി കോളനി പൈപ്പ് ലൈൻ നീട്ടൽ | 14/25-9-2015 | 125000 | | | |
| | 202/16-മുണ്ടംപോക്ക് കോളനി പൈപ്പ് ലൈൻ നീട്ടൽ | 12/25-9-2015 | 150000 | | | |
| | 203/16-താനിക്കുന്ന് എസ്.സി കോളനി പൈപ്പ് ലൈൻ നീട്ടൽ | 27/27-1-2016 | 200000 | | | |
| | 205/16-അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ | 430/22-9-2015 (തനത് ഫണ്ട്) | 178000 | | | |
| വൈദ്യുതി ബോർഡ് | 204/16-അരപ്പാറ രാജീവ് കോളനി വൈദ്യുതി ലൈൻ നീട്ടൽ | 10/25-9-2015 | 49900 | വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല | | |
| ആകെ | | | 1830900 | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി | റിമാർക്സ് |
|---|---|---|---|---|---|
| 2009-10 | 3-2(1) | 3330 | ശ്രീ.മദനമോഹനൻ.വി, സെക്രട്ടറി | 11501103586/ 9-3-2016 | |
| ആകെ | | 3330 | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളൊന്നും നിലവിലില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45271776 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58465771 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 65000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-19 | - | 10000 | ഡോ.രഞ്ജുമോഹൻ വെറ്ററിനറി സർജ്ജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 65000 | ശ്രീ.ജയദേവൻ.പി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.രഞ്ജുമോഹൻ വെറ്ററിനറി സർജ്ജൻ | - | പ്രയാഗ്<br>കൈതച്ചാൽ<br>കോലഴി(പി.ഒ)<br>തൃശ്ശൂർ-10 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.പി9/138/98/12-11-98 | 3 | |

| | | | |
|---|---|---|---|
| 1997-98 | എൽ.എഫ്.പി9/377 /2002(1)/ 3-8-2002 | 3 | |
| 1998-99 | എൽ.എഫ്.പി9/1669/2007/ 5-12-2009 | 1 | |
| 1999-2000 | എൽ.എഫ്.പി9/1670 /2007/ 17-11-2009 | 7 | |
| 2000-01 | എൽ.എഫ്.പി9/1035/2006/ 7-8-2007 | 1 | |
| 2001-02 | എൽ.എഫ്.പി9/1036 /2006/ 5-9-2007 | 2 | |
| 2002-03 | എൽ.എഫ്.പി9/1037/2006 / 7-8-2007 | 2 | |
| 2003-04 | എൽ.എഫ്.പി9/1038/2006/ 7-8-2007 | 6 | |
| 2004-05 | എൽ.എഫ്.പി12/1463/13/ 10-12-2013 | 2 | |
| 2005-06 | എൽ.എഫ്.പി12/1464/13/ 6-12-2013 | 6 | |
| 2006-07 | എൽ.എഫ്.പി12/617/14/ 3-5-2014 | 1 | |
| 2007-08 | എൽ.എഫ്.പി12/1466/13/ 23-10-2013 | - | |
| 2008-09, 2009-10 & 2010-11 | എൽ.എഫ്.പി12/1467/13/ 23-10-2013 | 8 | |
| 2011-12 | എൽ.എഫ്.പി12/637/14/ 8-5-2014 | 4 | |
| 2012-13 | കെ.എസ്.എ-പികെഡി12-432/16 /10-5-2016 | 10 | |
| 2013-14& 2014-15 | കെ.എസ്.എ-പികെഡി12-1438/16 /9-8-2016 | 4 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# 1

# അനുബന്ധം-1

നം. കെ.എസ്.എ-പികെഡി12/23/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

ഫോൺ - 04912420145

e-mail – dopkd.ksad@kerala.gov.in

തിയതി -06-01-2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്.ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തി വിവരം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കുകയും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD12/23/2017

Kerala State Audit Department

District Audit Office

Palakkad

Tel. 04912520145

E-mail – dopkd.ksad@kerala.gov.in

Date –06-01-2017

## Audit Certificate

Certified that I have audited the Annual Financial Statement of Karakurissi Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Karakurissi Gramapanchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset details not updated and linked with Sankhya.

Deputy Director